## John 16.5-15

ഞാൻ എന്നെ അയച്ച പിതാവിന്റെ അടുക്കലേക്ക് പോകുമെന്നും, ഞാൻ പോകുന്നില്ലെങ്കിൽ സഹായകനായ പരിശുദ്ധ ആത്മാവ് നിങ്ങളുടെ അടുക്കലേക്ക് വരുകയില്ല എന്ന സത്യവും വെളിപ്പെടുത്തുന്ന സുവിശേഷ ഭാഗമാണ് ഇന്ന് തിരുസഭാ മാതാവ് നമ്മുടെ വിചിന്തനത്തിനായി നൽകിയിരിക്കുന്നത്. സഹായകനായ ആത്മാവ് വന്നു കഴിയുമ്പോൾ പാപത്തെ കുറിച്ചും, നീതിയെ കുറിച്ചും, ന്യായവിധിയെ കുറിച്ചും മനുഷ്യർക്ക് ബോധ്യപെടുത്തി നൽകുമെന്നാണ് ഈശോ പഠിപ്പിക്കുന്നത്.

കർത്താവിൽ വിശ്വസിക്കാതെ ഇരിക്കുന്നതാണ് പാപം (Jn. 16:9) എന്ന് വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിലൂടെ അവിടുന്ന് പറയുന്നു. എങ്കിൽ അവനിൽ വിശ്വസിക്കുന്നത് പുണ്യം ആകണം. എന്താണീ വിശ്വാസം? സൃഷ്ടികർത്താവായ തമ്പുരാനിലും സൃഷ്ടിയുടെ മകുടമായ മനുഷ്യനിലും ഉള്ള സംപൂർണസമർപ്പണം ആണ് വിശ്വാസം.

സൃഷ്ടാവായ യേശു എന്നും എപ്പോഴും എന്നോടോത്ത് ഉണ്ടെന്നും, അവൻ എന്നെ നയിക്കുന്നുവെന്നും ആത്മാർഥമായി പറയാൻ നമുക്കാകണം. ദൈവം തന്റെ രൂപത്തിലും ഭാവത്തിലും സൃഷ്ടിച്ച മനുഷ്യനെ സ്നേഹിക്കാനും അംഗീകരിക്കാനും നമുക്കാവുന്നുണ്ടോ?

ദൈവത്തെയും സഹോദരനേയും സ്നേഹിക്കാതെയും അംഗീകരിക്കാതെയും വരുമ്പോൾ നമ്മൾ പാപത്തിന്റെ പിടിയിൽ അമർന്നു പോകുന്നു, എന്നതാണ് സത്യം.

ഒരു പിഞ്ചുകുഞ്ഞിനെ സംഭവിച്ചിടതോടം അവൻ ഏതു ലോകത്തേക്കും പോകാൻ തയ്യാറാണ്, അവന്റെ അപ്പനോ അമ്മയോ കൂടെ ഉണ്ടെങ്കിൽ എങ്ങോട്ട് പോകാനും അവൻ തയ്യാറാകും. ദൈവത്തിന്റെ സ്വന്തം കുഞ്ഞുങ്ങളായ നമുക്ക് അവനിൽ ആശ്രയിച്ചു മുന്നോട്ടു പോകനവുന്നില്ലെങ്കിൽ തീർച്ചയായും ആ പരിശുദ്ധ ആത്മാവിനെ ഹൃദയത്തിൽ സ്വീകരിക്കാൻ നമുക്ക് ആയിട്ടില്ല എന്നതാന് വാസ്തവം.

ഈ ആത്മാവാണ് നീതിയെകുറിച്ചു ബോധ്യം നൽകുന്നത്. പരിശുദ്ധ ആത്മാവിനാൽ നിറയപ്പെടുമ്പോൾ യഥാർഥമായ നീതി എന്തെന്ന് വെളിപ്പക്കപെട്ടുകിട്ടും. വി.യുസേപ്പും, നിക്കോദേമോസും, വി. പ ൌലോസും എല്ലാം വ്യാത്യസ്തമായി ചിന്തിക്കുകയം പ്രവർത്തിക്കുകയും ചെയ്യുന്നത് ഈ പരിശുദ്ധ ആത്മാവിനെ്റ നിറവിൽ തങ്ങളുടെ ജീവിതം നയിക്കപെടുവാൻ വിട്ടു കൊടുക്കുമ്പോൾ ആണ്. പരിശുദ്ധ ആത്മാവിനായി നമ്മെ നാം എപ്പോൾ വിട്ടു കൊടുക്കുന്നുവോ അപ്പോൾ നമുക്കും വിശുദ്ധ പ ൌലോസിനെ പോലെ പറയാൻ സാധിക്കും "ഞാനല്ല ക്രിസ്തു എന്നിൽ ജീവിക്കുന്നു" (Gal. 20.20) എന്ന്. ക്രിസ്തീയ ജീവിതത്തിനെ്റ ശക്തിയാണ് പരിശുദ്ധ ആത്മാവ്. ഈ ശക്തിയാണ് സഭയെ എന്നും നയിച്ചുകൊണ്ടിരിക്കുന്നത്. ഈ പ്രപഞ്ചത്തെ എന്നും നയിച്ചുകൊണ്ടിരിക്കുന്നത്.

മാനുഷിക നീതിക്കും ദൈവീക നീതിക്കും തമ്മിലുള്ള വ്യത്യാസം ഈ ആതമാവാന് നമ്മെ പഠിപ്പിക്കുന്നത്. മനുഷ്യന്റെ ചിന്തകളെ അവന്റെ സ്വാർത്ഥ ചിന്തകൾ സ്വാധീനിച്ചേക്കാം. നമ്മുടെ സ്വാർത്ഥതയുടെ മതിൽകെട്ടുകൾ നശിപ്പിക്കാതെ ദൈവീക ആത്മാവിന് നമ്മിൽ പ്രവർത്തിക്കാൻ സാധിക്കുകയില്ല. ഏഴു ഏഴുപതു പ്രാവശ്യം ക്ഷമിക്കാൻ ഈശോ പഠിപ്പിച്ചു, എന്നാൽ ദൈവത്തിന്റെ ആത്മാഭിഷേകം ഇല്ലാത്തവന് ഇത് ചിന്തിക്കാനോ പ്രവർത്തന മണ്ഡലത്തിലേയ്ക്ക് കൊണ്ട് വരുവാനോ സാധിക്കയില്ല. പ്രിയപ്പെട്ടവരേ നമ്മിൽ എല്ലാവരിലും ഈ ആത്മാവിന്റെ ശക്തി ഉണ്ട്. മാമ്മോദീസായിലുടെയ്യും സ്ഥൈര്യലേപനതിലൂടെയും നാം സ്വീകരിച്ച ആത്മാവിന്റ ശക്തി നമ്മിൽ എല്ലാവരിലും ഉണ്ട്. ആ ശക്തിയെ പരിപോഷിപ്പിക്കാൻ നമുക്കാവണം. ആ ശക്തിയെ തിരിച്ചറിഞ്ഞവർ വ്യത്യസ്തമായി പ്രവർത്തിക്കുന്നത് നമുക്ക് കാണാനാകും.

അതുപോലെതന്നെ ഈ പരിശുദ്ധ ആത്മാവാണ് അന്ത്യവിധിയെ കുറിച്ചുള്ള കാഴ്ചപ്പാട് മനുഷ്യനു നൽകുന്നത്. ഈ ലോക ജീവിതത്തിൽ മാത്രമായി നമ്മുടെ ചിന്തകളും പ്രവർത്തനങ്ങളും ഒതുങ്ങിപോകുന്നുവെങ്കിൽ ഈ ആത്മാവിന്റെ പ്രവർത്തനം നമ്മിൽ മന്ദിഭവിചിരിക്കുന്നു എന്ന് നിസ്സംശയം പറയാനാകും. മനുഷ്യൻ ചിന്തിക്കാനും പ്രവർത്തിക്കാനും മരന്നുപോകുംപോഴാണ് അവനിൽ തിന്മയുടെ ശക്തി പ്രവര്തിച്ചുതുടങ്ങുന്നത്. 1 കോരി 15:19 ഈ ലോക ജീവിതത്തിനുവേണ്ടി മാത്രം ക്രിസ്തുവിൽ പ്രത്യാശ വെച്ചിട്ടുള്ളവർ ആണ് നമ്മൾ എങ്കിൽ നാം എല്ലാ മനുഷ്യരേയുംകാൾ നിര്ഭാഗ്യരാണ് . . ഇന്നോ നാളെയോ അവസാനിച്ചേക്കാവുന്ന ഇ ജീവിതത്തെകാളും നമ്മൾ

ശ്രദ്ധ വഹിക്കേണ്ട വരുവാനിരിക്കുന്ന ജീവിതതിലനെന്നു നമുക്ക് ബോദ്ധ്യം തരുന്നത് പരിശുദ്ധ ആത്മാവാണ്. ക്രിസ്തുവിൽ ഉള്ള ജീവിതവും അവനിലുള്ള ഉത്ഥാനവും എല്ലാം ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന സത്യങ്ങൾ ആണ്, അടിസ്ഥാന പാഠങ്ങൾ ആണ്. അവയെ പരിപോഷിപ്പികുവനും അവയിൽ വളരുവാനും ഉള്ള വിവേകവും, ജ്ഞാനവും, അറിവും എല്ലാ പരിശുധത്മവിന്റെ നിറവിൽ ഒരു വ്യക്തിക് ലഭിക്കുന്നതാണ്. ആത്മാവിന്റെ ഫലങ്ങൾക്കും ധാനങ്ങല്കും വേണ്ടി നാം എന്നും ദാഹിച്ചു പ്രാർത്ഥിക്കണം.

പ്രിയമുള്ളവരെ ഇന്ന് തിരുസഭ പരിശുദ്ധ ആത്മാവിന്റെ തിരുനാൾ (പെന്തകൊസ്ഥ) അനുസ്മരിക്കുമ്പോൾ ഈ ആത്മാവിന്റെ ശക്തിയാൽ നമ്മെ ഒരുരുതരെയും നിരക്കന്മേ എന്ന് പ്രാർത്ഥിക്കാം.

Fr. Manoj Ponkattil, Adilabad Diocese.